തൃശ്ശൂർ	-	11,169
പാലക്കാട്	-	4,599
മലപ്പുറം	-	3,548
കോഴിക്കോട്	-	641
കണ്ണൂർ	-	2,318
വയനാട്	-	852
കാസർകോട്	-	1,605

(ബി) പട്ടികജാതി വികസനവകുപ്പിൽ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് സ്വന്തമായി വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിലേക്കായി ധനസഹായം നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിപ്രകാരം ഗ്രാമപ്രദേശങ്ങളിൽ 19,500 രൂപക്രമത്തിലും മുനിസിപ്പൽ പ്രദേശത്ത് 20,000 രൂപ നിരക്കിലും കോർപ്പറേഷൻ പ്രദേശത്ത് 25,000 രൂപ നിരക്കിലും ഭൂമി വാങ്ങുവാൻ തുക അനുവദിച്ചു നൽകുന്നു. ഗ്രാമപ്രദേശങ്ങളിൽ ഏറ്റവും കുറഞ്ഞത് 3 സെന്റ് ഭൂമിയും നഗര പ്രദേശത്ത് 2 സെന്റ് ഭൂമിയും വാങ്ങുന്നതിനാണ് തുക അനുവദിക്കുന്നത്.

പട്ടികജാതി വികസനവകുപ്പ് നൽകിയ ഭവന നിർമ്മാണ ധനസഹായം

76 (1764) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003, 2003-2004 വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പു മുഖേന ഭവന നിർമ്മാണ ധനസഹായം നൽകിയതിന്റെ ജില്ല തിരിച്ചുള്ള എണ്ണവും തുകയും അറിയിക്കാമോ ;

(ബി) സഹായം നൽകുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തിയത് എങ്ങനെയാണെന്നും അവരെ തിരഞ്ഞെടുത്തതിന് മുൻഗണനാ മാനദണ്ഡം എന്തെങ്കിലും ഉണ്ടായിരുന്നുവോ എന്നും ഉണ്ടെങ്കിൽ അവ എന്തൊക്കെ ആയിരുന്നുവെന്നും വിശദമാക്കാമോ ;

(സി) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ സമിതികൾ രൂപീകരിച്ചിരുന്നുവോ എന്നും അതിന്റെ ഘടനയും അംഗങ്ങളെ ഉൾപ്പെടുത്തിയതിന്റെ മാനദണ്ഡവും എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001-2002-ൽ 35,000 രൂപ നിരക്കിൽ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെയും 2002-2003-ൽ 70,000 രൂപ നിരക്കിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണവും തുകയും ചുവടെ ചേർക്കുന്നു.

	എണ്ണം	തുക
1. തിരുവനന്തപുരം	1535	4,85,11,750
2. കൊല്ലം	1081	3,29,03,500
3. പത്തനംതിട്ട	819	1,82,15,750

LIBRARY ARCHIVES Kerala Legislative Assembly

4. ആലപ്പുഴ	1722	5,04,45,500
5. കോട്ടയം	1023	1,80,23,250
6. ഇടുക്കി	967	29,19,000
7. എറണാകുളം	2028	5,81,66,500
8. തൃശ്ശൂർ	1330	3,62,56,500
9. പാലക്കാട്	1508	2,85,77,500
10. മലപ്പുറം	1642	3,24,15,250
11. കോഴിക്കോട്	1570	5,08,98,750
12. കണ്ണൂർ	1431	3,78,12,250
13. വയനാട്	502	9,33,62,50
14. കാസർകോട്	975	1,87,26,750
ആകെ	18133	44,32,08,500

2003-2004 വർഷത്തിൽ ധനസഹായം നൽകിയിട്ടില്ല.

(ബി) 50% ഗുണഭോക്താക്കളെ അർഹതയുള്ള മുഴുവൻ പേരിൽ നിന്നും നറുക്കെടുപ്പു വഴിയും, 20% ഗുണഭോക്താക്കളെ വിധവകൾ, അംഗവൈകല്യമുള്ളവർ, പെൺകുട്ടികൾ കൂടുതലുള്ള കുടുംബങ്ങൾ, ഗുരുതരമായ രോഗം പിടിപെട്ടിട്ടുള്ളവരോ അത്തരം രോഗികൾ സംരക്ഷണയിലുള്ളവരോ എന്നിവരിൽ നിന്നുമാണ് തെരഞ്ഞെടുക്കുന്നത്. 30% ഗുണഭോക്താക്കളെ അർഹതയുള്ള അപേക്ഷകരിൽ നിന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർമാരാണ് തിരഞ്ഞെടുക്കുന്നത്.

(സി) സമിതി രൂപീകരിച്ചിട്ടുണ്ട്. ഒരോ ബ്ലോക്കിലെയും ബന്ധപ്പെട്ട എം.എൽ.എ. മാർ, ജില്ലാതല പട്ടികജാതി/പട്ടികവർഗ്ഗ വികസന കമ്മിറ്റികളിൽ സർക്കാർ നോമിനേറ്റ് ചെയ്തിട്ടുള്ള അനൗദ്യോഗിക അംഗങ്ങൾ, ജില്ലയിൽ നിന്നും സംസ്ഥാന പട്ടികജാതി ഉപദേശക സമിതിയിലുള്ള അംഗങ്ങൾ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. ഈ കമ്മിറ്റിയുടെ കൺവീനർ ജില്ലാ പട്ടികജാതി വികസന ഓഫീസറാണ്.

ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ

77 (1765) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്ന എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly